## ഡെപ്യൂട്ടി കളക്ടർ & കോമ്പിറ്റന്റ് അതോറിറ്റി, ദേശീയപാത നിലമെടുപ്പ് ഓഫീസ് മലപ്പുറം @ വാളകുളം പി.ഒ - 676508, ഫോൺ: 0494-2495676

## ദേശീയപാത നിലമെടുപ്പ് 3G(3) വിചാരണ സംബന്ധിച്ച് മാർഗ്ഗരേഖ

ദേശീയപാത നിലമെടുപ്പുമായി ബന്ധപ്പെട്ട് വാളക്കുളം ഭാഗത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ യൂണിറ്റ്-1 ന് കീഴിലാണ് തിരൂരങ്ങാടി, കൊണ്ടോട്ടി, താലൂക്കുകളിലായി 9 വില്ലേജുകൾ വരുന്നത്. ചേലേമ്പ്ര മുതൽ എടരിക്കോട് വരെ 24.5 കി.മീ. ദൂരമാണ് ഈ ഓഫീസിലെ പ്രവർത്തനമേഖല. ഈ വർഷം ഡിസംബർ മാസത്തോടെ ഭൂമി ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. ഇതിനായി 3G(3) വിചാരണ **03/08/2020** മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. “കോവിഡ്” സാഹചര്യത്തിൽ സമ്പർക്കം ഒഴിവാക്കുന്നതിന്റെ ഭാഗമായി വിചാരണ സുഗമമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന ക്രമീകരണങ്ങളാണ് വരുത്തിയിരിക്കുന്നത്. ആയതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

വിചാരണക്ക് വരുന്ന കക്ഷികൾ ആദ്യം നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പരിശോധിക്കണം. ശേഷം പേരും, സർവ്വെ നമ്പർ, ഫയൽ നമ്പർ അഥവാ ഐ.ഡി. നമ്പർ മനസ്സിലാക്കി താഴെ പറയുന്നതിൽ ആവശ്യമായ ഫാറങ്ങൾ പൂരിപ്പിച്ച് വിചാരണ സുഗമമാക്കാവുന്നതാണ്. ഫാറത്തിൽ പറയുന്നവയിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലുമുണ്ടെങ്കിൽ വെള്ളപ്പേപ്പറിൽ എഴുതിയും ബോധിപ്പിക്കാവുന്നതാണ്. ഫാറങ്ങൾ തുടങ്ങിയ ബന്ധപ്പെട്ട എല്ലാ രേഖകളും തുന്നികെട്ടി സമർപ്പിക്കണം. ഫാറങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ഫാറം - I ഭൂമിയെ സംബന്ധിച്ച്

ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങളാണ് ഈ ഫാറത്തിൽ രേഖപ്പെടുത്തുവാനുള്ളത്. ഏറ്റവും മുകളിലായി നേരത്തെ കണ്ടെത്തിയ ഐ.ഡി.നമ്പർ രേഖപ്പെടുത്തുക. ഐ.ഡി. നമ്പർ രേഖപ്പെടുത്താതെ വന്നാൽ ഫയൽ പരിശോധനക്കും, നഷ്ടപരിഹാരം ലഭിക്കുന്നതിനും കാലതാമസം നേരിടുന്നതുമാണ്.

## ഫാറം II – 3G(3) ഭൂമി, കെട്ടിടം എന്നിവയിൽ അവകാശ തർക്കങ്ങളോ/ കോടതി നടപടികളോ ഉണ്ടെങ്കിൽ

ഏറ്റെടുക്കുന്ന സ്വത്തിൽ അവകാശ തർക്കങ്ങളോ - കോടതി കേസ്സുകളോ മറ്റോ നിലവിലുണ്ടെങ്കിൽ ഈ ഫാറത്തിൽ ചേർക്കണം.

## ഫാറം III – കരകൗശലം/സ്വയംതൊഴിൽ/കച്ചവടം

ഏറ്റെടുക്കുന്ന സ്ഥലത്ത് കരകൗശല വിഭാഗം/സ്വയം തൊഴിൽ സംരംഭം/ കച്ചവടം എന്നിവയുണ്ടെങ്കിൽ അവർ ആവശ്യമായ രേഖകൾ സഹിതം ഈ ഫാറത്തിലാണ് അപേക്ഷിക്കേണ്ടത്.

## ഫാറം IV – തൊഴുത്ത്

ഏറ്റെടുക്കുന്ന സ്ഥലത്ത് കന്നുകാലിത്തൊഴുത്ത് ഉണ്ടെങ്കിൽ ഈ ഫാറത്തിലാണ് വിവരം നൽകേണ്ടത്.

## ഫാറം V – വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസത്തിനുള്ള ധനസഹായം

ഏറ്റെടുക്കൽ മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമുള്ള ധനസഹായത്തിന് ഈ ഫാറത്തിൽ അപേക്ഷിക്കാവു ന്നതാണ്.